## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5819 — 30.07. 2015 ൽ മറുപടിക്ക്

### വൈദ്യുത ചാർജിനത്തിലെ കടിശ്ശിക.

**ചോദ്യം**
ശ്രീ. ഇ.കെ.വിജയൻ

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുത ചാർജ്ജ് കടിശ്ശികയിനത്തിൽ ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ; | (എ) 31.03.2015 ലെ ത്രൈമാസ കണക്ക് പ്രകാരം വൈദ്യുതി ചാർജ്ജ് കടിശ്ശികയിനത്തിൽ ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള ആകെ തുക 1752.42 കോടി രൂപയാണ്. |
| (ബി) പ്രസ്തുത കടിശ്ശികയിനത്തിൽ വൻകിട കമ്പനികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുകഎത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) 31.03.2015 ലെ ത്രൈമാസ കണക്കെടുപ്പ പ്രകാരം എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിലെ ഉപഭോക്താക്കളിൽ സ്വകാര്യ സംസ്ഥാന/കേന്ദ്ര പൊതുമേഖലയിലെ കടിശ്ശികക്കാരിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക താഴെ പറയും പ്രകാരമാണ്.<br>സ്വകാര്യമേഖല — 435 കോടി രൂപ<br>സംസ്ഥാന പൊതുമേഖല — 159.1കോടി രൂപ<br>കേന്ദ്ര പൊതുമേഖല — 19.94 കോടി രൂപ |
| (സി) എങ്കിൽ ഏതെല്ലാം കമ്പനികളാണ് കടിശ്ശിക വരുത്തിയിട്ടുള്ളത് എന്നുള്ളത് വിശദമാക്കാമോ; | (സി) കടിശ്ശികക്കാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) എങ്കിൽ അത്തരം കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി) കടിശ്ശിക ഈടാക്കുവാൻ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടത്തുകയുമാണ് ചെയ്യുന്നത്. സ്വകാര്യമേഖലയിലെ കടിശ്ശികക്കാരിൽ നിന്നും കടിശ്ശിക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾ നടത്തിയിട്ടുണ്ട്. തവണ |

| | |
|---|---|
| | വ്യവസ്ഥയിൽ പണം സ്വീകരിക്കാനുള്ള കുടിശ്ശികക്കാരായ കമ്പനികളുടെ അപേക്ഷ പരിഗണിച്ച് തവണ വ്യവസ്ഥയിൽ പണം സ്വീകരിച്ച് കുടിശ്ശിക ഒഴിവാക്കാനുള്ള അവസരം നൽകാറുണ്ട്. അതോടൊപ്പം തന്നെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ പലിശനിരക്കിൽ ഇളവു നൽകി പണം സ്വീകരിക്കാറുണ്ട്. വിവിധ റവന്യൂ ജില്ലകളിലായി 122 വൻകിട ഉപഭോക്താക്കൾ റവന്യൂ റിക്കവറി നടപടികൾ നേരിടുന്നുണ്ട്. പ്രസ്തുത നടപടിയിലൂടെ തുക വസൂലാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ ജില്ലാതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ